File No.LBRD-F3/106/2018-LBRD

To In-firms RDD, MS of hospitals & inds.

13250

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പരിശോധനയ്ക്കായി വിജിലൻസ് ഇൻസ്പെക്ഷൻ യൂണിറ്റ് രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്)വകുപ്പ്**

G.O.(Rt)No.838/2018/LBR തീയതി,തിരുവനന്തപുരം, 16/07/2018

പരാമർശം:- 1) ഇ.എസ്.ഐ കോർപ്പറേഷന്റെ 19.02.2018 ലെ ഡി31/12/7/2017/ പി ആർ നമ്പർ പ്രസ്സ് റിലീസ്.

2 ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 19.04.2018 ലെ ബി2-3902/2018/ഡി.ഐ.എം.എസ് നമ്പർ കത്ത്.

## ഉത്തരവ്

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ 173 -ാമത് മീറ്റിംഗിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ഇ.എസ്.ഐ കോർപ്പറേഷൻ ആശുപത്രികളിൽ വിജിലൻസ് ഇൻസ്പെക്ഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. ഇക്കാര്യം പരിശോധിച്ച ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിലും ഡിസ്പെൻസറികളിലും പരിശോധന നടത്തുന്നതിന് സർക്കാർ തലത്തിൽ ഒരു വിജിലൻസ് ഇൻസ്പെക്ഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിലും ഡിസ്പെൻസറികളിലും പരിശോധന നടത്തുന്നതിന് ഒരു വിജിലൻസ് ഇൻസ്പെക്ഷൻ യൂണിറ്റ് സർക്കാർ തലത്തിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്
(ബി) ഫിനാൻസ് ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റ്
(സി) സെക്ഷൻ ഓഫീസർ, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REJIKUMAR.R
UNDER SECRETARY

റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680020.

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.

അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ഫിനാൻസ് ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

സെക്ഷൻ ഓഫീസർ, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയാ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് - ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ